ഉത്തരം

(എ) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി എന്നിവയാണ് കേന്ദ്രസഹായത്തോടുകൂടി ഇപ്പോൾ നടപ്പാക്കി വരുന്ന മത്സ്യബന്ധന തുറമുഖ പദ്ധതികൾ.

(ബി) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖ പദ്ധതികൾ 2006-ൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2006-2007 കാലയളവിൽ പൊന്നാനി മത്സ്യബന്ധന തുറമുഖത്തിന്റേയും 2005-2006 കാലയളവിൽ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റേയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നീണ്ടകര മത്സ്യബന്ധന തുറമുഖം 2006-ലും തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം 2008-ലും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയങ്ങാടിയിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് നടപടി

136 [1854] ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോകമണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യം പരിശോധിച്ചുവരുന്നു.

തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് നടപടി

137 [1855] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി തലായി ഫിഷിംഗ് ഹാർബർ നിർമ്മാണം സംബന്ധിച്ച നടപടിക്രമം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെട്ട ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ.) കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 2004-ലെ ഷെഡ്യൂൾ നിരക്കുപ്രകാരം നേരത്തെ നൽകിയിരുന്ന 1970 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ പുതുക്കിവരുന്നു.

(ബി) ഇല്ല.

(സി) രണ്ടു മാസത്തിനകം നൽകാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് നടത്താൻ നടപടി

138 [1856] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ചെളി വന്നടിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് ജോലികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന ആവശ്യം പരിഗണിക്കുമോ ;

(ഡി) ഇതു സംബന്ധമായി സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) അഴീക്കൽ ഫിഷിംഗ് ഹാർബർ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള 38 ലക്ഷം രൂപ ചെലവുവരുന്ന ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഫിഷറീസ് റോഡുകളുടെ പുനർനിർമ്മാണം

139 [1857] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് പുനർനിർമ്മിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly